കണ്ണൂർ ജില്ലയിൽ കാലവർഷത്തിലും ചുഴലിക്കാറ്റിലും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

7 (2763) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഇക്കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങളിലുണ്ടായ കാലവർഷത്തിലും ചുഴലിക്കാറ്റിലും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ;

(ബി) വീട്, കൃഷി, റോഡ് എന്നീ മേഖലകളിലായി എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ഇതിനകം പ്രസ്തുത ജില്ലയ്ക്ക് അനുവദിച്ച തുക എത്രയാണ് ;

(ഡി) ഇതിൽ എത്ര തുക നൽകി എത്ര പേർക്ക് ;

(ഇ) ട്രഷറി നിയന്ത്രണം കാരണം ചെക്കുകൾ മാറുന്നില്ലെന്നും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ട്രഷറി നിയന്ത്രണം നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(എഫ്) ശേഷിച്ച എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട് ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ജി) മുഴുവൻ അപേക്ഷകർക്കും നഷ്ടപരിഹാരം ലഭിക്കാനുള്ള തുക പ്രസ്തുത ജില്ലയ്ക്ക് അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി)

വീടുകൾ	എണ്ണം	നാശനഷ്ടത്തിന് കണക്കാക്കിയ തുക
പൂർണ്ണം	13	3,00,000
ഭാഗികം	809	37,27,250
കൃഷിനാശം	....	2,16,58,730

വില്ലേജ് റോഡുകൾക്ക് വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. തുക കണക്കാക്കിയിട്ടില്ല.

(സി) 3 കോടി 67 ലക്ഷം. ഇതിൽ 2 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തികൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വീടുകൾ നഷ്ടപ്പെട്ട 498 പേർക്ക് 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഹർജികളിൽ ആവശ്യമായ പരിശോധന നടത്തിയതിനു ശേഷം അനുവദിക്കുന്നതാണ്. പരിശോധന പൂർത്തിയാക്കിയ കൃഷിനാശം സംഭവിച്ചവരുടെ ലിസ്റ്റുകൾ പ്രകാരം പ്രിൻസിപ്പൽ കൃഷിഓഫീസറോട് തുക അനുവദിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുകയ്ക്കുള്ള ട്രഷറി നിയന്ത്രണം പിൻവലിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് വെള്ളപ്പൊക്ക ദുരിതാശ്വാസവുമായി ബന്ധപ്പെട്ട വിഷങ്ങളിലെ നിയന്ത്രണം ഇതിനകം പിൻവലിച്ചിട്ടുണ്ട്.

(എഫ്) നഷ്ടപരിഹാരം നൽകേണ്ടുന്ന ശീർഷകങ്ങളിൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ 661 പേർക്ക് നഷ്ടപരിഹാരം കൊടുക്കാൻ ബാക്കിയുണ്ട്.

(ജി) ജില്ലാകളക്ടർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബഡ്ജറ്റ് പാസ്സായശേഷം കൂടുതൽ തുക അനുവദിക്കുന്നതാണ്.

പ്രകൃതിക്ഷോഭ സഹായ വിതരണം

8 (2764) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറുമംഗലം നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭ സഹായം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട് ; പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(സി) ഇനിയും കൊടുത്തു തീർക്കാനുള്ള തുക എത്ര ;

(ഡി) ഇവ എന്നത്തേക്ക് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

തിരുവാർപ്പ്, കുമരകം പഞ്ചായത്തുകളെ വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കുവാൻ നടപടി

9 (2765) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നിയോജകമണ്ഡലത്തിൽപ്പെട്ട തിരുവാർപ്പ്, കുമ്മകം പഞ്ചായത്തുകളിൽ വർഷക്കാലത്ത് വെള്ളപ്പൊക്കഭീഷണി ഉണ്ടാകുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly